കെപ്കോയുടെ പ്രവർത്തനങ്ങൾ

106 (4457) ശ്രീ. വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് പ്രസ്തുത സ്ഥാപനത്തെ ലാഭത്തിലാക്കുവാൻ സാധിച്ചുവോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2005-06-ൽ വെറും രണ്ടുകോടി രൂപ വിറ്റുവരവുണ്ടായിരുന്ന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടേയും പ്രവർത്തനങ്ങളുടെയും രത്നച്ചുരുക്കം താഴെപ്പറയും പ്രകാരമാണ്.

1. തിരുവനന്തപുരം - കുടപ്പനക്കുന്നിൽ അടച്ചുപൂട്ടിയിരുന്ന സംസ്ഥാനത്തെ ഏക ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് ആധുനിക സംവിധാനങ്ങളോടെയുള്ള ഹൈടെക് ഫാമാക്കി പ്രവർത്തനം തുടങ്ങി. ഇന്ന് ഫാമിൽ ഒരു മാസം ശരാശരി 1.25 ലക്ഷം വിരിയിപ്പു മുട്ടകളും 1 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളേയും ഉൽപ്പാദിപ്പിച്ചു വരുന്നു. കുടപ്പനക്കുന്ന് ഫാമിൽനിന്നും കഴിഞ്ഞ 4 വർഷം കൊണ്ട് 10.92 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു.

2. തിരുവനന്തപുരം - കുടപ്പനക്കുന്ന് ഫാമിൽ മാലിന്യ സംസ്കരണത്തിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ബയോഗ്യാസ് സംസ്കരണ പ്ലാന്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് 127 വിളക്കുകൾ കത്തിക്കുകയും ചെയ്യുന്നു.

3. ഈ ഫാമിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി കോഴിക്കുഞ്ഞുങ്ങളേയും തീറ്റയും കർഷകർക്ക് നൽകി വളർത്തി തിരികെ എടുക്കുന്ന കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ച് കെപ്കോ ചിക്കനായി തിരുവനന്തപുരത്ത് വിൽക്കുകയാണ്. വളർത്തുകൂലിയായി കർഷകർക്ക് പ്രതിമാസം 3 ലക്ഷം രൂപയോളം നൽകി വരുന്നു.

4. അന്യ സംസ്ഥാനങ്ങളിൽനിന്നും/ഏജൻസികളിൽനിന്നും കോഴികളെ വാങ്ങി സംസ്കരിക്കുന്നത് പൂർണ്ണമായും നിർത്തുകയും കേരളത്തിലെ കർഷകർ മുഖേന ഉൽപ്പാദിപ്പിച്ചെടുക്കുന്ന കോഴികളിലേയ്ക്ക് മാറുകയും ചെയ്ത് സ്വയം പര്യാപ്തതയിൽ എത്താൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

5. മാരിനേറ്റഡ് ചിക്കൻ, ചിക്കൻ സോസേജ്, കട്‌ലറ്റ്, ബോൺലെസ് ചിക്കൻ തുടങ്ങി വൈവിധ്യവൽക്കരിച്ച ഉൽപ്പന്നങ്ങൾ വിപണിയിൽ ടെസ്റ്റ് ലോഞ്ചിംഗ് നടത്താനും അതിന്റെ വ്യാവസായിക ഉൽപ്പാദനം തുടങ്ങുവാനും കഴിഞ്ഞു.

6. കൊട്ടിയം ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണം 5600 ആയി വർദ്ധിപ്പിച്ചു. കഴിഞ്ഞ 4 വർഷം കൊണ്ട് 13.35 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു.

7. കോഴിയിറച്ചിയുടെ ആഭ്യന്തര ഉൽപ്പാദനം 2006-07-ൽ 16184 ടൺ ആയിരുന്നത് 2007-08-ൽ 17390 ടൺ ആയും 2008-09-ൽ 19268 ടൺ ആയും വർദ്ധിപ്പിക്കുകയുണ്ടായി.

8. പേരൂർക്കടയിലും കരമനയിലും പുതിയ ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ചു.

9. തിരുവനന്തപുരത്ത് സഞ്ചരിക്കുന്ന രണ്ട് കെപ്കോ വിതരണ സ്റ്റാളുകൾ സ്ഥാപിച്ചു.

10. തൃശ്ശൂരിലെ മാളയിൽ ഒരു ഹൈടെക് കോഴിവളർത്തൽ കേന്ദ്രം തുടങ്ങി. പ്രതിവർഷം 4 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

11. തിരുവനന്തപുരം പേട്ടയിൽ പൗൾട്രി കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കുകയും ന്യായവില വെറ്ററിനറി മെഡിക്കൽ ഷോപ്പ്, കർഷകർക്കുള്ള ടെക്നിക്കൽ സർവ്വീസ് സെന്റർ, കെപ്കോ റെസ്റ്റോറന്റ് തുടങ്ങിയവ ഈ കേന്ദ്രത്തിൽ പ്രവർത്തിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

12. 25 ടൺ സംഭരണശേഷിയുള്ള വാക്ക്-ഇൻ-ഫ്രീസർ തിരുവനന്തപുരം പേട്ടയിൽ സ്ഥാപിച്ചു.

13. ഒറ്റ ഷിഫ്റ്റിൽ 16 ടൺ തീറ്റ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള കോഴിത്തീറ്റ പ്ലാന്റ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചു.

14. നവീന രീതിയിലുള്ള താറാവ് വളർത്തൽ കേന്ദ്രം കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പുതുതായി ആരംഭിച്ചു.

15. ഫീഡ് അനലിറ്റിക്കൽ ലാബ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചു.

16. തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും തിരുവനന്തപുരത്തും കുടപ്പനക്കുന്നിലും പുതുതായി ഹാച്ചറികൾ സ്ഥാപിച്ചു.

17. കൊട്ടിയം ലേയർ ബ്രീഡിംഗ് ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണവും കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വർദ്ധിപ്പിച്ചു.

18. 2005-06-ൽ 190.42 ലക്ഷം വിറ്റുവരവുണ്ടായിരുന്ന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ വിറ്റുവരവ് 11 കോടിയായി ഉയർത്തി.

LIBRARY ARCHIVES Kerala Legislative Assembly

19. 2005-06-ൽ മാത്രം 1.16 കോടി നഷ്ടം ഉണ്ടായിരുന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തന ലാഭത്തിലാക്കി.

20. ഗ്രാമം നിറയെ കോഴികൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, പൗൾട്രി വില്ലേജ് - കൊല്ലം, എറണാകുളം, സ്കൂൾ പൗൾട്രി ക്ലബ്ബുകൾ തുടങ്ങിയ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി മുട്ടയുൽപ്പാദനത്തിൽ കഴിഞ്ഞ നാലു വർഷം കൊണ്ട് 41 കോടിയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.

21. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 4.86 കോടി രൂപ നഷ്ടത്തിലായിരുന്ന കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനെ 4 വർഷം കൊണ്ട് ഏകദേശം 2.34 കോടി രൂപയുടെ (പ്രൊവിഷണൽ ആഡിറ്റിംഗ് കഴിഞ്ഞിട്ടില്ല) പ്രവർത്തന ലാഭത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമം നിറയെ കോഴി പദ്ധതി

107 (4458) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ 'ഗ്രാമം നിറയെ കോഴി' പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ ;

(ബി) പെരിങ്ങളം മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തിലും 'ഗ്രാമം നിറയെ കോഴി' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 'ഗ്രാമം നിറയെ കോഴി' എന്ന പദ്ധതി കണ്ണൂർ ജില്ലയിലെ കുന്നോത്തുപറമ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ 500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 2 മാസം പ്രായമുള്ള 10 കോഴിയും 15 കിലോ കോഴിത്തീറ്റയും 50 രൂപയുടെ മരുന്നും രണ്ട് ദിവസത്തെ ട്രെയിനിംഗും ഇതിന്റെ ഭാഗമായി നൽകി. ഈ പദ്ധതി പ്രകാരം നൽകിയ കോഴികൾ അടുത്ത ഒരു മാസത്തിനകം മുട്ട ഉൽപ്പാദനം തുടങ്ങുന്നതാണ്.

(ബി) പെരിങ്ങളം മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തിലും 'ഗ്രാമം നിറയെ കോഴി' പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly